(2) മലയാള മനോരമ കോഴിക്കോട് ഓഫീസിനുനേരെ നടന്ന ബോംബാക്രമണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആഗസ്റ്റ് 9-ാം തീയതി രാത്രി 7.45-ന് രണ്ട് അക്രമികൾ മലയാള മനോരമയുടെ കോഴിക്കോട് യൂണിറ്റിനകത്ത് പെട്രോൾ ബോംബെറിഞ്ഞ് വളരെ അപകടകരമായിട്ടുള്ള രീതിയിൽ അക്രമം നടത്തുകയുണ്ടായി. മലയാള മനോരമ കോഴിക്കോട് യൂണിറ്റിനകത്ത് ഏഴെട്ടാളുകൾ ഒരുമിച്ചെത്തുകയും അതിൽ രണ്ടാളുകൾ ആ കെട്ടിടത്തിന്റെ തൊട്ടടുത്തുള്ള സി. എസ്. ഐ. ചർച്ചിന്റെ മതിൽ ചാടിക്കടന്ന് പെട്രോൾ ബോംബ് എറിയുകയുമുണ്ടായി. ന്യൂസ് റൂമിലേയ്ക്കാണ് പെട്രോൾ ബോംബ് എറിയുന്നത്. ആ സമയത്ത് ന്യൂസ് എഡിറ്റർ ജോഷ്വായും കോ-ഓർഡിനേറ്ററും സ്ഥലത്തുണ്ടായിരുന്നു. ഇരുപത്തിയഞ്ചോളം കമ്പ്യൂട്ടറുകൾ ഇരിക്കുന്ന ഒരു മുറിക്കകത്താണ് ഇത് നടക്കുന്നത്. ഇതുപോലുള്ള അക്രമങ്ങൾക്കെതിരായി ഗവൺമെന്റ് ശക്തമായ നടപടിയെടുക്കണം. ഇന്നലെ വെളുപ്പിന് രണ്ടു മണിക്ക് ഐ. ജി. ഓഫീസിനു നേരെയും ഇതുപോലുള്ള പെട്രോൾ ബോംബാക്രമണമുണ്ടായി. ഇത് അമർച്ച ചെയ്യുന്നതിനുള്ള നടപടികളെടുക്കണം. മാധ്യമങ്ങളുടെ സ്വാതന്ത്ര്യം നിലനിർത്തുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, കോഴിക്കോട് മലയാള മനോരമ ഓഫീസിനുനേരെ 2003 ഓഗസ്റ്റ് 9-ന് രാത്രി 7.45-ന് ഏതാനും പേർ പെട്രോൾ ബോംബെന്ന് സംശയിക്കുന്ന എന്തോ സ്ഫോടക വസ്തു വലിച്ചെറിഞ്ഞു. ആ സമയത്ത് അവിടെയുണ്ടായിരുന്ന ഓഫീസ് ജോലിക്കാരനായ ടി. പി. സുരേഷ് ബാബു പരിക്കേൽക്കാതെ രക്ഷപ്പെട്ടു. ഈ കാര്യത്തിൽ സ്ഫോടക വസ്തു ആക്റ്റ് സെക്ഷൻ (3) പ്രകാരവും ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 143, 147, 148, 149, 308 എന്നീ വകുപ്പുകൾ പ്രകാരവും ക്രൈം 134/2003 നമ്പറായി നടക്കാവ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പോലീസ് ഉദ്യോഗസ്ഥൻമാർ ഈ കേസന്വേഷിക്കുകയും ഈ കേസിന്റെ അന്വേഷണ ചുമതല നടക്കാവ് സർക്കിൾ ഇൻസ്പെക്ടറെ ഏൽപ്പിച്ചിട്ടുള്ളതുമാണ്. കുറ്റവാളികളാരായാലും അവരെ കണ്ടുപിടിച്ച് അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മലയാള മനോരമയുടെ കോഴിക്കോട് യൂണിറ്റിൽ സ്ഫോടക വസ്തു എറിഞ്ഞത് വളരെ അപലപനീയമാണ്. മാധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ച് നമ്മളെല്ലാം പറയാറുണ്ട്. മലയാള മനോരമയുടെ കോഴിക്കോട് യൂണിറ്റിലെ എഡിറ്റോറിയൽ ഓഫീസിലേയ്ക്ക് ബോംബെറിയുന്ന സംഭവം കേരള ചരിത്രത്തിൽ ആദ്യമാണ്. അത് തികച്ചും അപലപനീയമാണ്. ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ കക്ഷികളും, ജനാധിപത്യം ആഗ്രഹിക്കുന്ന എല്ലാപേരും ഇത്തരം അക്രമങ്ങളെ അപലപിക്കണമെന്നാണ് എന്റെ അഭിപ്രായം.

(3) വടകരയിലെ ചെമ്പുകുനി കൃഷ്ണൻ എന്ന ആളിന്റെ വീട്ടിൽ ബി. ജെ. പി. പ്രവർത്തകർ നടത്തിയ അക്രമം

ശ്രീ. സി. കെ. നാണു: സർ, കഴിഞ്ഞ ചൊവ്വാഴ്ച രാത്രി മാരകായുധങ്ങളുമായി ഒരു സംഘം ബി. ജെ. പി.-ക്കാർ വടകരയ്ക്കടുത്തുള്ള ഓർക്കാട്ടേരിയിൽ സി. കെ. കൃഷ്ണന്റെ വീട്ടിൽ അതിക്രമിച്ചു കയറി കൃഷ്ണന്റെ ബന്ധുക്കളായ അനിൽകുമാർ, സി. കെ. ബിജു, സി. കെ. ബാലൻ എന്നിവരെ വെട്ടി മാരകമായി പരിക്കേൽപ്പിച്ചിരിക്കുകയാണ്. കുറ്റവാളികളുടെ പേരിൽ കർശനമായ നിയമ നടപടികൾ സ്വീകരിക്കുവാനും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly